**15 -ാം കേരള നിയമസഭ**

**3 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 27** **04-10-2021 - ൽ മറുപടിയ്ക്ക്**

**സിവിൽ സർവീസിൽ ഉദ്യോഗസ്ഥ ക്ഷാമം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ടി. ജെ. വിനോദ് | | Shri. Pinarayi Vijayan<br>(മുഖ്യമന്ത്രി) | |
| (എ) | സംസ്ഥാന സിവിൽ സർവീസിൽ ഉദ്യോഗസ്ഥ ക്ഷാമം നേരിടുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ കാരണം വ്യക്തമാക്കുമോ; എത്ര തസ്തികകളാണ് ഇപ്രകാരം ഒഴിഞ്ഞുകിടക്കുന്നതെന്ന് അറിയിക്കുമോ; | (എ) | ശ്രദ്ധയിൽപ്പെട്ടിട്ടില്ല. സംസ്ഥാന സിവിൽ സർവീസിൽ സ്പെഷ്യൽ ഡെപ്യൂട്ടി കളക്ടർ (എൽ.എ.-എൻ.എച്ച്), കണ്ണൂർ എന്ന തസ്തികയാണ് നിലവിൽ ഒഴിഞ്ഞ് കിടക്കുന്നത്. പ്രസ്തുത ഒഴിവ് നികത്തുന്നതിനുള്ള പ്രൊപ്പോസൽ സർക്കാരിന്റെ പരിഗണനയിലാണ്. |
| (ബി) | സംസ്ഥാന കേഡറിലെ ഐ.എ.എസ്., ഐ.പി.എസ്. ഉദ്യോഗസ്ഥരുടെ അംഗബലം എത്രയാണെന്ന് വ്യക്തമാക്കാമോ; കേരള കേഡറിൽ ഉള്ള എത്ര ഉദ്യോഗസ്ഥരാണ് ഇപ്പോൾ കേന്ദ്ര ഡെപ്യൂട്ടേഷനിൽ പോയിട്ടുള്ളതെന്ന് അറിയിക്കുമോ? | (ബി) | കേരള കേഡറിൽ ഐ.എ.എസ് ഉദ്യോഗസ്ഥരുടെ ആകെ അംഗീകൃത അംഗബലം 231 ആണ്. ഇന്റർ കേഡർ ഡെപ്യൂട്ടേഷൻ വ്യവസ്ഥയിൽ സംസ്ഥാനത്ത് സേവനമനുഷ്ഠിക്കുന്ന ഒരു ഐ.എ.എസ് ഓഫീസർ ഉൾപ്പെടെ ആകെ 143 ഐ.എ.എസ് ഉദ്യോഗസ്ഥരാണ് കേരള കേഡറിൽ നിലവിൽ ജോലി ചെയ്തു വരുന്നത്. കേരള കേഡറിൽ ഐ.പി.എസ് ഉദ്യോഗസ്ഥരുടെ ആകെ അംഗീകൃത അംഗബലം 172 ആണ്. ഇന്റർ കേഡർ ഡെപ്യൂട്ടേഷൻ വ്യവസ്ഥയിൽ സംസ്ഥാനത്ത് സേവനമനുഷ്ഠിക്കുന്ന 3 ഐ.പി.എസ് ഓഫീസർമാർ ഉൾപ്പെടെ ആകെ 105 ഐ.പി.എസ് ഉദ്യോഗസ്ഥരാണ് നിലവിൽ കേരള കേഡറിൽ ജോലി ചെയ്യുന്നത്. കേരള കേഡറിൽ നിന്നും നിലവിൽ 21 ഐ.എ.എസ് ഉദ്യോഗസ്ഥരും, 22 ഐ.പി.എസ് ഉദ്യോഗസ്ഥരും കേന്ദ്ര ഡെപ്യൂട്ടേഷനിൽ പോയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ